പതിനാലാം കേരള നിയമസഭ

<u>പതിനഞ്ചാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.5709 | 02.07.2019 ൽ മറുപടിയ്ക്ക്

<u>കാട്ടുമൃഗങ്ങളുടെ ആക്രമണം</u>

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം | | മറുപടി<br>അഡ്വ.കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
|---|---|---|
| (എ) | കാട്ടുമൃഗങ്ങൾ നാട്ടിലിറങ്ങി മനുഷ്യരെ ആക്രമിച്ച എത്ര സംഭവങ്ങൾ കഴിഞ്ഞ 3 വർഷത്തിനിടെ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഇതിൽ എത്ര പേർ മരണപ്പെട്ടിട്ടുണ്ടെന്നും എത്ര പേർക്ക് ഗുരുതരമായി പരിക്കേറ്റിട്ടുണ്ടെന്നും ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | (എ) കഴിഞ്ഞ 3 വർഷത്തിനിടെ കാട്ടുമൃഗങ്ങൾ നാട്ടിലിറങ്ങി മനുഷ്യരെ ആക്രമിച്ച വിവരങ്ങൾ (പാമ്പ് ഉൾപ്പെടെ) ജില്ല തിരിച്ചുള്ളത് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഇതിൽ എത്ര പേർക്ക് വനം വകുപ്പ് നഷ്ടപരിഹാരം നൽകിയിട്ടുണ്ട്; ആകെ എത്ര രൂപ ഈ മൂന്ന് വർഷത്തിനിടെ ചെലവാക്കി എന്ന് പറയാമോ; | (ബി)&(സി) 2019-ൽ ലഭിച്ച ചില അപേക്ഷകളിന്മേൽ ,നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികളുടെ ഭാഗമായി അന്വേഷണം നടത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ട്. ബാക്കി എല്ലാ പേർക്കും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നഷ്ടപരിഹാരം നൽകി വരുന്നു. ആകെ നഷ്ടപരിഹാരമായി 851.94 ലക്ഷം രൂപ നൽകിയിട്ടുണ്ട്. |
| (സി) | ആക്രമണത്തിന് ഇരയാകുന്നവർക്ക് നഷ്ടപരിഹാരം നൽകാൻ കാലതാമസം നേരിടുന്നുണ്ടോ, ഉണ്ടെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ; | നടപടിക്രമത്തിൽ കാലതാമസം ഒഴിവാക്കുന്നതിനായി ഇ-ഡിസ്ട്രിക്ട് എന്ന ഓൺലൈൻ പോർട്ടൽ മുഖേനയാണ് നഷ്ടപരിഹാരം നൽകിവരുന്നത്. |

| | | |
|---|---|---|
| (ഡി) | ആക്രമണത്തിന് ഇരയാകുന്നവർക്ക് അടിയന്തരമായി നഷ്ടപരിഹാരം നൽകാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഡി) വന്യജീവികളുടെ ആക്രമണം നേരിട്ടവർക്ക് 1980-ലെ ദി കേരള റൂൾസ് ഫോർ പേയ്മെന്റ് ഓഫ് കോമ്പൻസേഷൻ റ്റു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ് പ്രകാരം നഷ്ടപരിഹാരം നൽകി വരുന്നു. 05.04.2018-ലെ സർക്കാർ ഉത്തരവ് (കൈ)നം 17/2018/വനം പ്രകാരം തുക വർദ്ധിപ്പിച്ചിട്ടുണ്ട്. നിലവിൽ വന്യജീവി ആക്രമണം മൂലമുള്ള മരണത്തിന്, അനന്തരാവകാശികൾക്ക് 10 ലക്ഷം രൂപയും (5 ലക്ഷം രൂപ അനന്തരവകാശിക്ക് മരിച്ച ആളുമായുള്ള ബന്ധം തെളിയിക്കുന്ന രേഖകളുടെ അടിസ്ഥാനത്തിൽ ആദ്യ ഗഡുവായും ബാക്കി തുക അനന്തരവാകാശ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലും നൽകുന്നു) വനത്തിനു പുറത്തു വച്ചുള്ള പാമ്പു കടി മൂലമുള്ള മരണത്തിന് 2 ലക്ഷം രൂപയാണ് നഷ്ടപരിഹാരമായി നൽകുന്നത്, |

സെക്ഷൻ ഓഫീസർ.

<u>അനുബന്ധം</u>

| ജില്ല | 2016 | | | 2017 | | | 2018 | | | 2019 (15.06.2019 വരെ) | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | സംഭവങ്ങൾ | മരണപ്പെട്ടവർ | ഗുരുതരമായി പരിക്കേറ്റവർ | സംഭവങ്ങൾ | മരണപ്പെട്ടവർ | ഗുരുതരമായി പരിക്കേറ്റവർ | സംഭവങ്ങൾ | മരണപ്പെട്ടവർ | ഗുരുതരമായി പരിക്കേറ്റവർ | സംഭവങ്ങൾ | മരണപ്പെട്ടവർ | ഗുരുതരമായി പരിക്കേറ്റവർ |
| തിരുവനന്തപുരം | 21 | 5 | 16 | 27 | 6 | 21 | 20 | 5 | 15 | 8 | 1 | 7 |
| കൊല്ലം | 7 | 1 | 3 | 9 | 1 | 1 | 16 | 1 | 3 | 4 | 0 | 1 |
| പത്തനംതിട്ട | 14 | 1 | 3 | 20 | 2 | 6 | 34 | 1 | 18 | 8 | 0 | 1 |
| ആലപ്പുഴ | 7 | 2 | 5 | 13 | 5 | 8 | 35 | 1 | 25 | 5 | 1 | 4 |
| കോട്ടയം | 3 | 4 | 26 | 5 | 3 | 19 | 5 | 3 | 25 | 1 | 1 | 11 |
| ഇടുക്കി | 14 | 5 | 18 | 24 | 8 | 23 | 21 | 6 | 14 | 6 | 1 | 9 |
| എറണാകുളം | 31 | 1 | 9 | 18 | 2 | 5 | 22 | 1 | 1 | 6 | 0 | 3 |
| തൃശ്ശൂർ | 4 | 0 | 4 | 7 | 2 | 5 | 11 | 2 | 10 | 3 | 0 | 3 |
| പാലക്കാട് | 385 | 20 | 30 | 595 | 16 | 86 | 482 | 19 | 66 | 153 | 10 | 10 |
| കോഴിക്കോട് | 5 | 0 | 5 | 13 | 0 | 13 | 5 | 1 | 4 | 13 | 0 | 13 |
| മലപ്പുറം | 33 | 14 | 17 | 45 | 9 | 34 | 37 | 8 | 26 | 10 | 1 | 7 |
| വയനാട് | 46 | 8 | 14 | 46 | 5 | 22 | 54 | 3 | 28 | 19 | 2 | 6 |
| കണ്ണൂർ | 3 | 1 | 3 | 16 | 4 | 8 | 15 | 2 | 13 | 2 | 0 | 1 |
| കാസർഗോഡ് | 5 | 0 | 0 | 4 | 0 | 0 | 5 | 2 | 0 | 0 | 0 | 0 |
| ആകെ | 578 | 62 | 153 | 842 | 63 | 251 | 762 | 54 | 248 | 238 | 17 | 76 |

സെക്ഷൻ ഓഫീസർ